ഉത്തരം

(എ) & (ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷമേ പുതിയ താലൂക്ക് രൂപീകരണം എന്ന ആവശ്യം പരിഗണിക്കാനാവൂ.

പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി

174 [2612] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടനയും അധികാരവും എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് ഒരു നാച്വറൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിരുന്നു.

(ബി) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. മുത്തുനായകം ചെയർമാനും ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട മറ്റ് 8 അംഗങ്ങളും ഉൾപ്പെട്ടതാണ് പ്രസ്തുത സമിതി.

മിച്ചഭൂമി സ്വകാര്യവ്യക്തികൾ പതിച്ചെടുത്തതിനെ സംബന്ധിച്ച്

175 [2613] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പട്ടം വില്ലേജിലെ പഴയ സർവ്വേ നമ്പർ 2153/ബി-യിൽ ഉൾപ്പെട്ട മിച്ചഭൂമി സ്വകാര്യവ്യക്തികൾ പതിച്ചെടുത്തതിനെ സംബന്ധിച്ച് കുന്നുകുഴി വാർഡ് കോൺ. കമ്മിറ്റി സമർപ്പിച്ച പരാതിപ്രകാരം സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 14-1-1980-ലെ കോടതിവിധി പ്രകാരം 1980-ന് മുൻപുള്ള കൈവശക്കാരൻ സർക്കാരിലേക്ക് എത്ര ഭൂമിയാണ് സറണ്ടർ ചെയ്തതെന്നും ഇതിൽ എത്ര ഭൂമി സ്വകാര്യ വ്യക്തി കൈവശപ്പെടുത്തി അനധികൃതമായി പോക്കുവരവ് ചെയ്തെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഭൂമി സർക്കാർ ഭൂമിയാണെന്ന് രേഖകൾ ഉള്ള സ്ഥിതിക്ക് എന്തുകൊണ്ടാണ് ആയത് തിരികെ എടുക്കാത്തതെന്നും ആയതിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ വിജിലൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ സ്വകാര്യ വ്യക്തിയെ സഹായിച്ചുവെന്ന നിഗമനം നിലനിൽക്കുന്നതുകൊണ്ട് മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുമോ;

(ഇ) 1996 ആഗസ്റ്റ് 14-ന് മുട്ടട എസ്.ആർ.ഒ. യിൽ 2821/96-ാം നമ്പർ ആധാര പ്രകാരം വിൽപ്പന നടത്തിയ വ്യക്തിക്ക് മാർക്കറ്റബിൾ ടൈറ്റിൽ ഇല്ലെങ്കിൽ ആധാരം റദ്ദ് ചെയ്യുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്

176 [2614] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ *ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആരംഭിക്കുന്ന സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനമേഖല വിശദമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുവേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ജില്ലാതലത്തിൽ രൂപം നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) ഓരോ ജില്ലയിലുമുള്ള പ്രകൃതിദുരന്ത സാധ്യതകൾ മുൻകൂട്ടി വിലയിരുത്തുവാനും നേരിടുവാനുമുള്ള തയ്യാറെടുപ്പുകൾക്ക് പദ്ധതി നടപ്പിലാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് നൽകുവാനുള്ള സംവിധാനം സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly